# 13-ാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ:2734** **19/12/2012-ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗമേഖലയിൽ കോർപ്പസ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടിക വർഗ്ഗ മേഖലയിൽ കോർപ്പസ് ഫണ്ടായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പദ്ധതി കൾക്കാണ്; വ്യക്തമാക്കുമോ ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ മേഖലയിൽ കോർപ്പസ് ഫണ്ടിൽ നിന്ന് 2011-12 വർഷം 3355.85 രൂപയും 2012-13 വർഷം (30.11.2012 വരെ) 1386.00 രൂപയും ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ളം, വൈദ്യുതീകരണം, റോഡ്, വീട് നിർമ്മാണം, നടപാതകൾ, കമ്മ്യൂണിറ്റി സെന്റർ, വാലായ്മപുര, പാലം, അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം, കക്കൂസ് നിർമ്മാണം, ജീവനോപാധി വിതരണ പ്രവർത്തന ങ്ങൾ, സ്കൂളുകളുടെ അറ്റകുറ്റപണികൾ, നൈപുണ്യ വികസന പരിശീലനങ്ങൾ, ആംബുലൻസ് സർവ്വീസ്, സ്കൂൾ കുട്ടികൾക്ക് സഹവാസക്യാമ്പ്, കാർഷിക വികസന പദ്ധതി, തേനീച്ച വളർത്തൽ തുടങ്ങിയ പദ്ധതികൾക്കാണ് തുക ചെലവഴിച്ചത്. |

സെക്ഷൻ ആഫീസർ